രക്ഷയുടെ പാതയിൽ-൭



൭

# സഭ ആരാധന സമൂഹം


**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**


# ഉള്ളടക്കം


1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

പാഠം 13

# വിവാഹം






സന്താനപുഷ്ടിയുള്ളവരായി

പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ്

അതിനെ കീഴടക്കുവിൻ

(ഉൽപ 1:28).





1. വിവാഹം സ്നേഹത്തിന്റെ ഉടമ്പടി
2. വിവാഹം ഒരു കൂദാശ
3. വിവാഹത്തിന്റെ അവിഭാജ്യതയും വിശ്വസ്തതയും
4. സ്നേഹിക്കാനും ജീവൻ നൽകാനും

# വിവാഹം സ്നേഹത്തിന്റെ ഉടമ്പടി



- ദമ്പതിമാരുടെ സമ്പൂർണ്ണമായ ആത്മസമർപ്പണത്തിന്റെ ഉടമ്പടിയാണ് വിവാഹത്തിൽ നടക്കുന്നത്. പരിശുദ്ധമായ അനുരാഗവും വിഭജിക്കപ്പെടാത്ത സ്നേഹവും വഴി വിവാഹബന്ധത്തെ പോഷിപ്പിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യണമെന്ന് ദൈവം ആവശ്യപ്പെടുന്നു.
- **അവർ ഇരുവരും ഏക ശരീരമായിത്തീരും.**

# വിവാഹം ഒരു കൂദാശ



- പരസ്പരം അതിരുകളില്ലാതെ സ്നേഹിച്ചു കൊണ്ട് പരിശുദ്ധമായ സൃഷ്ടികർമ്മത്തിൽ ദൈവ ത്തോടു സഹകരിക്കാനും വിവാഹ ബന്ധത്തിന്റെ ഷല മായ സന്താനങ്ങളെ ദൈവത്തിനു പ്രീതികരമായ വിധത്തിൽ വളർത്താനും ആവശ്യമായ കൃപാവരം നൽകുന്ന കൂദാശയാണ് വിവാഹം.

# വിവാഹത്തിന്റെ അവിഭാജ്യതയും വിശ്യസ്തതയും

❖ ദമ്പതികളുടെ സ്നേഹം അതിന്റെ സ്വഭാവത്താൽ തന്നെ അവർ തമ്മിലുള്ള കൂട്ടായ്മയുടെ ഏകതയും അവിഭാജ്യതയും ആവശ്യപ്പെടുന്നു. ദമ്പതികളുടെ പരസ്പര വിശ്വസ്തതയും വിവാഹബന്ധത്തിന്റെ അടിസ്ഥാനഘടകമാണ്. ഉടമ്പടിയോടുള്ള ദൈവത്തിന്റെ വിശ്വസ്തതയും സഭയോടുള്ള മിശിഹായുടെ വിശ്വസ്തതയുമാണ് വിവാഹബന്ധത്തിലെ വിശ്വസ്തതയുടെ അടിസ്ഥാനം. വിഭജിക്കപ്പെടാതെയും വിശ്വസ്തതയോടെയും മരണം വരെ ഒന്നിച്ചുജീവിക്കാനുള്ള കൃപാവരം ദമ്പതികളെ ശക്തരാക്കുന്നു.



# സ്നേഹിക്കാനും ജീവൻ നൽകാനും

❖ വിവാഹമെന്ന കൂദാശയുടെ ലക്ഷ്യങ്ങൾ രാണ് - ദാമ്പത്യസ്നേഹവും സന്താനോത്പാദനവും. നിഷ്കളങ്കവും നിരുപാധികവുമായ സ്നേഹം പരസ്പരം നൽകാൻ ദമ്പതികൾ കടപ്പെട്ടിരിക്കുന്നു. ഈശോയ്ക്ക് സഭയോടുള്ള സ്നേഹവും സഭയ്ക്ക് ഈശോയോടുള്ള വിധേയത്വവുമാണ് ഇതിനു മാതൃക. ദമ്പതികളുടെ അലൗകിക സ്നേഹത്തിന് ദൈവം നൽകുന്ന അനർഘസമ്മാനമാണ് മക്കൾ. പരസ്പരസ്നേഹത്തിലും വിശ്വസ്തതയിലും പരിശുദ്ധിയിലും വളരാനും വിവാഹബന്ധത്തിന്റെ ഫലമായ സന്താനങ്ങളെ ദൈവത്തിനു പ്രീതികരമായ വിധം വളർത്താനും വിവാഹമെന്ന കൂദാശ ദമ്പതികളെ കടപ്പെടുത്തുന്നു.

**ദൈവവചനം**

**വായിക്കാം, ധ്യാനിക്കാം**

(എഫേ. 5:22-33)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**നിങ്ങളിൽ ഓരോ വ്യക്തിയും തന്നെപ്പോലെ തന്നെ ഭാര്യയെ സ്നേഹിക്കണം. ഭാര്യയാകട്ടെ ഭർത്താവിനെ ബഹുമാനിക്കുകയും വേണം**

(എഫേ. 5:33).

# നമുക്കു പ്രാർത്ഥിക്കാം

**സഭയെ സ്നേഹിക്കുകയും നിർമല വധുവായിരിക്കുവാൻ അവൾക്കുവേി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത മിശിഹായേ, ഞങ്ങളുടെ കുടുംബങ്ങളെ ദിവ്യസ്നേഹചൈതന്യത്താൽ നിറയ്ക്കണമേ.**

# എന്റെ തീരുമാനം

എന്റെ ജീവിതാന്തസ്സ് തിരിച്ചറിയാനും അതു സ്വീകരിക്കുവാനുമുള്ള വിവേകവും കൃപയും ലഭിക്കുവാനായി ഞാൻ എന്നും പ്രാർത്ഥിക്കും.

## സഭാപിതാക്കന്മാർ പറയുന്നത്

തങ്ങൾക്കുമാത്രം സാധിക്കുന്ന പരസ്പരമുള്ള സ്വയംദാനംവഴി ഭർത്താവും ഭാര്യയും ഒന്നായിത്തീരുന്നു. സന്താനങ്ങളെ ജനിപ്പിച്ച് അവരെ വളർത്തി ദൈവവുമായി സഹകരിക്കാൻ വേണ്ടിയാണിത്. ഇതുവഴി അവർ പൂർണ്ണതയിലേക്കു പരസ്പരം കൈപിടിച്ചുയർത്തുന്നു.

Thank you